**വാത്സ്യായനകൃതിക്കു ബദലായി സ്ത്രീലൈംഗികതയെ കേന്ദ്ര സ്ഥാനത്തു നിർത്തി സ്ത്രൈണ കാമശാസ്ത്രം രചിച്ചിരിക്കുന്ന കെ.ആർ. ഇന്ദിരയുടെ വീക്ഷണങ്ങൾ പരിചയപ്പെടാം...**

# ഇനി സ്ത്രൈണ കാമശാസ്ത്രം

**പുരുഷൻ** പുരുഷന്റെ സുഖത്തിനും കാമപൂർത്തിക്കും വേണ്ടി രചിച്ച കാമശാസ്ത്രത്തിന്റെ കാലം കഴിയുന്നു. ഇനി സ്ത്രൈണ കാമശാസ്ത്രത്തിന്റെ കാലം. ആകാശവാണി ജീവനക്കാരിയായ കെ.ആർ. ഇന്ദിരയാണ് വാത്സ്യായനകൃതിക്കു ബദലായി സ്ത്രീലൈംഗികതയെ കേന്ദ്ര സ്ഥാനത്തു നിർത്തി സ്ത്രൈണ കാമശാസ്ത്രം രചിച്ചിരിക്കുന്നത്. പുസ്തകം അടുത്ത മാസം പുറത്തിറങ്ങും.

ലൈംഗികബന്ധത്തിൽ താഴെ കിടന്ന് ലഭിക്കുന്നത് സ്വീകരിക്കുക എന്ന സ്ത്രീയുടെ കാലം കഴിഞ്ഞെന്നാണ് പുസ്തകത്തിലൂടെ ഇന്ദിര പറയുന്നത്. നിരന്തരമായി വഞ്ചിക്കപ്പെടുന്ന ദുർബലരായ സ്ത്രീകളുടെ കാലവും കഴിയുന്നു. അതിന്റെ ഭാഗമായാണ് പുരുഷ കേന്ദ്രീകൃതമായ സാമൂഹ്യ ലൈംഗിക നിയമങ്ങൾക്കെതിരെ ആഞ്ഞടിക്കാൻ ഇവർ തീരുമാനിച്ചത്. മനുസ്മൃതിയെ പോലെതന്നെ സ്ത്രീ വിരുദ്ധമായ കാമശാസ്ത്രം ഇന്ത്യയിലെ സ്ത്രീകളെ അടിമകളാക്കാൻ തലമുറകളായി പുരുഷൻ ഉപയോഗിക്കുന്നു. അറിഞ്ഞും അറിയാതേയും അത് ലൈംഗികതയുടെ അടിസ്ഥാന പ്രമാണമായി മാറിയിരിക്കുന്നു. രണ്ടായിരത്തിൽപരം കൊല്ലമായി നിലനിൽക്കുന്ന ഈ സങ്കല്പത്തിനെതിരെയാണ് ഇന്ദിര കാമസൂത്രത്തിന് സ്ത്രൈണഭാഷ്യം നൽകിയിരിക്കുന്നത്. ലൈംഗികതയുമായി ബന്ധപ്പെട്ട് നൂറുകണക്കിനു സ്ത്രീകൾക്കിടയിൽ നടത്തിയ സർവ്വേക്കു ശേഷമാണ് ഇവർ പുസ്തകരചന തുടങ്ങിയത്. ലൈംഗികമായുള്ള സ്ത്രീയുടെ പിന്നോക്കാവസ്ഥയാണ് സർവ്വേയിലൂടെ ബോധ്യപ്പെട്ടത്. ലൈംഗികതയിൽ സ്ത്രീയുടെ റോൾ അടിയിൽ കിടക്കുന്നതുപോലെതന്നെ, രണ്ടാമത്തേതുമാത്രമാണെന്ന് സർവ്വേയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷവും കരുതുന്നു. ഇതുബോധ്യപ്പട്ടതോടെയാണ് പുസ്തകം രചിക്കാനുള്ള തീരുമാനം കൂടുതൽ ശക്തമായത്.

കാമസൂത്രം മികച്ച കൃതി തന്നെയാണെന്ന് ഇന്ദിര കരുതുന്നു. എന്നാൽ എങ്ങനെ ലൈംഗികത ആസ്വദിക്കാമെന്നതിന്റെ പുരുഷ വീക്ഷണമാണ് അതിലുള്ളത്. അതിനായി സ്ത്രീകളെ വശീകരിച്ചെടുക്കേണ്ട തന്ത്രങ്ങളാണ് വാത്സ്യായനൻ കൂടുതലായും വിശദീകരിക്കുന്നത്. എങ്ങനെ വഞ്ചിക്കാമെന്നും അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നു. സ്ത്രീയുടെ ലൈംഗിക സംതൃപ്തി എന്താണെന്നോ അതെങ്ങനെ നേടാമെന്നോ പരാമർശിക്കുന്നില്ല. സ്ത്രീ അവിടെ ലൈംഗിക ഉപകരണം മാത്രം. വിവാഹപൂർവ്വ



ലൈംഗികതക്ക് പുരുഷനു സ്വാതന്ത്ര്യം നൽകുമ്പോൾ സ്ത്രീക്കതുനൽകാൻ വാത്സ്യായനൻ തയ്യാറില്ല. ഭർത്താവിനേക്കാൾ ഭാര്യക്കു പ്രായം കുറയണം, വിവാഹശേഷം ഭർതൃഗൃഹത്തിൽ താമസിക്കണം തുടങ്ങിയ അലിഖിത നിയമങ്ങളെല്ലാം സ്ത്രീയെ അടിമയാക്കുന്നതാണെന്നും ഇന്ദിര ചൂണ്ടികാട്ടുന്നു. പലപ്പോഴും വേശ്യകളുടെ അവസ്ഥ ഭാര്യമാരേക്കാൾ ഭേദമാണ്. സമൂഹത്തിൽ രൂഢമൂലമായ പുരുഷ കേന്ദ്രീകൃത ലൈംഗിക സങ്കല്പങ്ങളെ സ്ത്രീപക്ഷത്തുനിന്നു വെല്ലുവിളിക്കുന്ന സ്ത്രൈണ കാമസൂത്രം മലയാളത്തിലെ പുസ്തകപ്രസാധന രംഗത്ത് പുതിയ ഒരു ഇടിമുഴക്കമാകാനാണ് സാധ്യത.

ഇതൊക്കെയാണെങ്കിലും ലൈംഗിക സ്വാതന്ത്ര്യാവാദികളേയും ഇന്ദിര വിമർശിക്കുന്നുണ്ട്. ബാധ്യതകളില്ലാതെ ലൈംഗികസുഖം ലഭിക്കാനാണ് പുരുഷൻ സ്വതന്ത്ര ലൈംഗികതാവാദമുയർത്തുന്നത്. അത് പലപ്പോഴും സ്ത്രീ വിരുദ്ധമായി തീരുന്നു. മാത്രമല്ല എപ്പോൾ വേണമെങ്കിലും വിവാഹ ബന്ധം പിരിയാമെന്നാകുമ്പോൾ കുട്ടികളുടെ ഉത്തരവാദിത്തം വരുന്നത് സ്ത്രീകളിലാണ്. അതുകൊണ്ടുതന്നെ തന്റെ പുസ്തകം ഈ വാദഗതിക്കാർക്ക് സഹായകരമാകരുതെന്ന നിർബന്ധവും ഇന്ദിരക്കുണ്ട്.